(ബി) മത്സ്യ തീറ്റയായും വളമായും ഉപയോഗിക്കുന്നതിനായി കടലിലെ ചെറുമത്സ്യങ്ങളെ ധാരാളമായി പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അതിനെതിരെ അടിയന്തര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്കും മറൈൻ എൻഫോഴ്സ്മെന്റ് വിംഗിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ട്രോൾ ബോട്ടുകളിൽ ഉപയോഗിക്കുന്ന വലയുടെ മിനിമം Mesh size 35 mm ആണ്. 35 mm-ൽ കുറഞ്ഞ കണ്ണി വലിപ്പം ഉള്ള വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധനയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് കണ്ടുകെട്ടി പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള തീരത്ത് മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ റൂൾസും നിലവിലുണ്ട്. കൂടാതെ ഉൾനാടൻ മേഖലയിലെ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും, ലഭ്യത ഉറപ്പാക്കുന്നതിനും ഉൾനാടൻ മത്സ്യമേഖല സംരക്ഷിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2014-ലെ കേരള ഫിഷ് സീഡ് ആക്ട് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ പ്രജനന കാലമായ ജൂൺ 15 മുതൽ ജൂലൈ 31 വരെ വർഷകാല ട്രോളിംഗ് നിരോധനം നടത്തി വരുന്നുണ്ട്. കൂടാതെ ചെറുമത്സ്യങ്ങളെ പിടിക്കുന്നതും കടത്തുന്നതും ക്രയവിക്രയം നടത്തുന്നതും തടയുന്നതിനും നിരോധിക്കുന്നതിനും അപ്രകാരം പ്രവർത്തിക്കുന്നതിന് പെനാലിറ്റി ചുമത്തുന്നതിനും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് 4-ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

116 (121) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് മത്സ്യത്തൊഴിലാളി സമൂഹത്തെ ദോഷകരമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് മത്സ്യത്തൊഴിലാളി സമൂഹത്തെ ദോഷകരമായി ബാധിക്കും. കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ബഫർ സോണായി നിലനിറുത്തുക വഴി വിദേശ ട്രോളറുകൾക്ക് ഗുണകരമാകുകയും ആഴക്കടൽ വെസ്സലിന് നിരോധിത മേഖലയായി പ്രഖ്യാപിച്ചിരുന്ന കടലിലെ ചില പ്രദേശത്തെ നിരോധനം നീക്കാനുള്ള ശിപാർശയും മത്സ്യ തൊഴിലാളികളെ ദോഷകരമായി ബാധിക്കും. നിലവിലുള്ള മത്സ്യബന്ധനങ്ങൾക്കുപുറമെ 240 Tuna long lines-ഉം 15 purse seiners-ഉം 15 squid jigger-ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് EEZ-ൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള ശിപാർശ ഇപ്പോഴേ മത്സ്യ ലഭ്യത കുറവുള്ള കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും ദോഷകരമായി ബാധിക്കും.

(ബി) റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സാരമായി ബാധിക്കുന്ന ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

117 (122) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത മത്സ്യ തൊഴിലാളിമേഖലാ പഠനത്തിനായി 2013-ൽ നിയോഗിച്ച ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥനത്തെ മത്സ്യബന്ധന വ്യവസായ മേഖലയേയും അതിനെ ആശ്രയിച്ചു കഴിയുന്ന തൊഴിലാളികളേയും കുടുംബത്തേയും തകർക്കുന്ന പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കാതിരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കടലും കടപ്പുറവും വിദേശ ശക്തികൾക്ക് തീറെഴുതും തരത്തിലെ തീരദേശ നിയന്ത്രണ പദ്ധതി ഭേദഗതി നിർദ്ദേശമടങ്ങുന്ന പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.